LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിന്റെ കടം

223 [1165] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

,, *വി. ജെ. പൗലോസ്:*

,, *പി. ടി. തോമസ്:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഏപ്രിൽ ഒന്നിന് വൈദ്യുതി ബോർഡിന്റെ കടം എത്രയായിരുന്നു; ഇപ്പോൾ അത് കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) വൈദ്യുതി ബോർഡിന്റെ കടം കൂടുകയോ കുറയുകയോ ചെയ്തതുമൂലം ബോർഡിന്റെ പലിശബാദ്ധ്യതയിൽ വന്ന കൂടുതലോ കുറവോ എത്രയെന്ന് പറയുമോ?

ഉത്തരം

(എ) & (ബി) 2004 ഏപ്രിൽ ഒന്നിന് ബോർഡിന്റെ മൊത്തം കടം 5355.64 കോടി രൂപയായിരുന്നു. 1-4-2005-ൽ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ മൊത്തം കടം 4541.34 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ കടം കുറഞ്ഞതുമൂലവും പലിശയുടെ മാർക്കറ്റ് നിരക്കിൽ കുറവ് വന്നതു കൊണ്ടും 2003-2004 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2004-2005-ൽ 120.73 കോടി രൂപയുടെ കുറവ് പലിശ ബാദ്ധ്യതയിൽ വന്നിട്ടുണ്ട്.

പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുവാൻ നടപടി

224 [1166] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ വൈദ്യുതി സെക്ഷൻ ആഫീസുകൾ രൂപവൽക്കരിക്കുന്നതെന്ന് പറയാമോ;

(ഡി) ചേലക്കര നിയോജകമണ്ഡലത്തിൽ ദേശമംഗലത്ത് ഒരു പുതിയ സെക്ഷനാഫീസ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 41 സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) നിലവിൽ 20000-ൽ കൂടുതൽ ഉപഭോക്താക്കളും 100 ചതുരശ്ര കി. മീ. കൂടുതൽ വിസ്തീർണ്ണവുമുള്ള സെക്ഷനുകൾ ഉപഭോക്താക്കളുടെ സൗകര്യവും ഭൂമിശാസ്ത്രപരമായ ഘടനയും വിവിധ പദ്ധതികളിലായി പൂർത്തീകരിക്കേണ്ട പണികളും കണക്കിലെടുത്താണ് പുതിയ സെക്ഷനുകൾ അനുവദിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

തൃശ്ശൂർ മുനിസിപ്പാലിറ്റി കോർപ്പറേഷന്റെ വൈദ്യുതി വിതരണം

225 [1167] *ശ്രീ. കെ. വി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റു സഹകാര്യ സ്ഥാപനങ്ങൾക്കുമാണ് വൈദ്യുതി വിതരണത്തിന് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ മുനിസിപ്പാലിറ്റിക്ക് വൈദ്യുതി വിതരണത്തിന് അനുമതി നൽകിയിട്ടുള്ളത് എന്നു മുതലാണ്; ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും എടുത്ത തീരുമാനം വിശദീകരിക്കാമോ; ഈ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ;

(സി) തൃശ്ശൂർ മുനിസിപ്പാലിറ്റി കോർപ്പറേഷനാക്കി ഉയർത്തിയതിനെത്തുടർന്ന് വൈദ്യുതി വിതരണം സംബന്ധിച്ച് ബോർഡും, മുനിസിപ്പാലിറ്റിയും തുടർന്ന് വന്നിരുന്ന കരാറിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) തൃശ്ശൂർ മുനിസിപ്പാലിറ്റിയോട് കൂട്ടിചേർത്ത കൂർക്കഞ്ചേരി, അയ്യന്തോൾ, വിൻവട്ടം, ഒല്ലൂർ, ഒല്ലൂർക്കര പഞ്ചായത്തുകളിൽ വൈദ്യുതി വിതരണം ബോർഡ് തുടരുന്നതും, പഴയ മുനിസിപ്പൽപ്രദേശത്ത് കോർപ്പറേഷൻ ഈ ചുമതല നിർവ്വഹിക്കുന്നതിനും എന്തെങ്കിലും ഭരണപരമായ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) മേൽ പഞ്ചായത്ത് പ്രദേശങ്ങളിലും വൈദ്യുതി വിതരണ ചുമതല കോർപ്പറേഷന് നൽകണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണ്?

---

†അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XIII

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 224 (1166) കാണുക]

1. ഉച്ചക്കട
2. കോട്ടുകാൽ
3. പുള്ളിമാനൂർ
4. നഗരൂർ
5. ഓയൂർ
6. പിതറ
7. കറുകോൺ
8. മൈനാഗപ്പള്ളി
9. മനപ്പള്ളി
10. അതിരംപുഴ
11. തെങ്ങമം
12. ചേർത്തല ഈസ്റ്റ്
13. അരൂക്കുറ്റി
14. ഇടയാർ (മുപ്പത്തടം)
15. കീരംപാറ
16. മെഡിക്കൽ കോളേജ് (പെരിങ്ങാൻടൂർ)
17. വല്ലപ്പുഴ
18. മുതുത്തല
19. പെരിങ്ങോട്
20. തഴക്കോട്
21. മങ്കട
22. കുറ്റിപ്പുറം

LIBRARY ARCHIVES Kerala Legislative Assembly

23. തൃക്കലങ്ങോട്

24. ചട്ടിപ്പറമ്പ

25. ഓതുക്കുങ്കൽ

26. കീഴുപ്പറമ്പ

27. ചുങ്കത്തറ

28. വഴിക്കടവ്

29. വള്ളിക്കുന്ന്

30. മണിയൂർ

31. പാറക്കടവ്

32 ചക്കിട്ടപ്പാറ
(പെരുവണ്ണാമൂഴി)

33. കന്നലക്കാട്

34. സുൽത്താൻ ബത്തേരി (വെസ്റ്റ്)

35. തവിനാൽ

36. ഏടൂർ

37. ചെമ്പേരി

38. കമ്പിളിക്കണ്ടം

39. കുമളി

40. മുരിക്കാശ്ശേരി

41. ആര്യനാട്

LIBRARY ARCHIVES Kerala Legislative Assembly